**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2772 10.7.2015-ൽ മറുപടിയ്ക്ക്**

**ആധുനിക മാംസ സംസ്കരണ ഫാക്ടറി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പിരയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിലെ എം.പി.ഐ. വക സ്ഥലത്ത് ആധുനിക മാംസ സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; | എ) ബി) & സി) | പരിയാരം പഞ്ചായത്തിലെ എം.പി.ഐ വക സ്ഥലത്ത് ആധുനിക മാംസ സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ മുന്നോട്ട് പോകുകയാണ്. എന്നാൽ പദ്ധതി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം പരിസ്ഥിതിലോല പ്രദേശമായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി ലഭിക്കുവാൻ സാധിക്കുകയില്ല എന്നറിയുന്നു. ഈ സ്ഥലം പരിസ്ഥിതിലോല മേഖലയിൽ നിന്നും ഒഴിവാക്കണമെന്ന് കേന്ദ്ര മന്ത്രി ഉൾപ്പെടെയുള്ളവർക്ക് നേരിട്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്; പരിഗണിച്ച് ഉടൻ ഉത്തരവുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി) പ്രസ്തുത ഫാക്ടറി സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; | | |
| സി) എങ്കിൽ അവ നീക്കി ഫാക്ടറി നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ